# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം: ആ.വ.ഡ - ജീവനക്കാര്യം - പ്രവേശന കാലാവധി ദീർഘിപ്പിച്ചു നൽകിയതിനു ശേഷം അസിസ്റ്റന്റ് സർജനായി നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഉത്തരവ് നം.ഇ.എ3 - 2863/2020/ആ.വ.ഡ തീയതി 16/01/2020
2. ഡോ.നജ്ല.എം സമർപ്പിച്ച അപേക്ഷ

**ഉത്തരവ് നമ്പർ : ഇ.എ3 - 2863/2020/ആ.വ.ഡ തീയതി : 11.09.2020**

Dr.Najla.M, Pazhannummal, Pottalungal, Wandoor, Kappil, Malappuram - 679328 കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശുപാർശയിൽ അസിസ്റ്റന്റ് സർജനായി പരാമർശം (1) പ്രകാരം നിയമന ഉത്തരവ് നൽകിയെങ്കിലും ടിയാളുടെ അപേക്ഷ പ്രകാരം പ്രവേശന കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. എന്നാൽ പ്രവേശന കാലാവധി അവസാനിച്ചതിനാൽ പരാമർശം (2) പ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ഡോ.നജ്ല.എം-നെ കണ്ണൂർ പെരിങ്ങോം താലൂക്കാശുപത്രിയിൽ നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

ടിയാൾ 7 ദിവസത്തിനകം അസ്സൽ സർട്ടിഫിക്കറ്റുകളും നിയമന ഉത്തരവും സഹിതം കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസർ മുൻപാകെ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം ജോലിയിൽ പ്രവേശിക്കാത്ത വിവരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻപാകെ അറിയിക്കുന്നതാണ്.

ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്.

2020-ലെ പൊതുസ്ഥലംമാറ്റ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ തത്സമയത്ത് ആവശ്യമെങ്കിൽ ഈ ഉത്തരവ് പുനഃപരിശോധിക്കുന്നതാണ്.

(ഒപ്പ്)
ഡോ.സരിത.ആർ.എൽ
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ് :

Dr.Najla.M, Pazhannummal, Pottalungal, Wandoor, Kappil,
Malappuram - 679328

പകർപ്പ് :

1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കണ്ണൂർ (ഡോ.നജ്ല.എം -ന്റെ തിരിച്ചറിയൽ രേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടിയാളെ നിയമിച്ച സ്ഥാപനത്തിൽ ഒഴിവ് ഇല്ലായെങ്കിൽ സാധൂകരണത്തിന് വിധേയമായി മറ്റൊരു സ്ഥാപനത്തിൽ നിയമിക്കേണ്ടതാണ്)
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. സൂപ്രണ്ട്, താലൂക്ക് ആശുപത്രി, പെരിങ്ങോം, കണ്ണൂർ (ടിയാളുടെ സേവന വിവരങ്ങൾ ജോലിയിൽ പ്രവേശിക്കുന്ന ദിവസം തന്നെ സ്പാർക്ക് സംവിധാനത്തിൽ രേഖപ്പെടുത്തുന്നതിനുള്ള മേൽ നടപടി സ്വീകരിക്കേണ്ടതാണ്)
4. ഫയൽ / കരുതൽ ഫയൽ

// അംഗീകാരത്തോടെ//

സൂപ്രണ്ട്

കെ.ജി